# കുടിവെള്ളം: തൃശൂരിന്റെ പ്രശ്നങ്ങളും സാധ്യതകളും

ടി.എൻ.എൻ. ഭട്ടതിരിപ്പാട്

1. കുടിവെള്ള മേഖലയിൽ ജില്ലയിൽ കുറച്ച് വികസനപ്രവർത്തനം നടന്നിട്ടുണ്ടെങ്കിലും ഇപ്പോഴും വേനൽ മാസങ്ങളിൽ ഗ്രാമീണ നാഗരിക മേഖലകളിൽ ഒരു ഗണ്യമായ ജനവിഭാഗം ഈ അടിസ്ഥാന സൗകര്യത്തിനായി കാത്തുകഴിയുന്നു. ജില്ലയിലെ 98 പഞ്ചായത്തുകളിൽ 7 നഗരങ്ങളിലും ഭാഗികമായ ജലവിതരണമുണ്ടെങ്കിലും വേനൽ മാസങ്ങളിൽ കുടിവെള്ളത്തിനുവേണ്ടി മിക്കയിടത്തും ജനങ്ങൾ ബുദ്ധിമുട്ടുന്നു.

കുടിവെള്ളത്തിന്റെ ചുമതല ഏറിയപങ്കും കേരള ജല അതോറിട്ടിയിൽ നിക്ഷിപ്തമാണ്. അവരുടെ കണക്കുപ്രകാരം നഗരിക മേഖലയിൽ 70% ആളുകൾക്കും ഗ്രാമീണമേഖലയിൽ 50% ജനങ്ങൾക്കും ഈ സേവനം ഇപ്പോൾ ലഭ്യമാണ്. പ്രധാനമായും നദികളിലൂടെ ഒഴുകുന്ന ഉപരിതലജലവും, ഭൂഗർഭജലവുമാണ് കുടിവെള്ളത്തിനായി പ്രയോജനപ്പെടുത്തുന്നത്.

2. ജില്ലയിലെ വർഷപാതം സംസ്ഥാന ശരാശരിയേക്കാൾക്കുറവാണ്. നവവർഷാരംഭം മുതൽ കാലവർഷം ശക്തി പ്രാപിക്കുന്നതുവരെയുള്ള ആറുമാസത്തോളം കുടിവെള്ളത്തിനുവേണ്ടി ഗ്രാമീണ, നാഗരിക ജനസമൂഹം പലതരത്തിലുള്ള പ്രാരാബ്ധങ്ങളനുഭവിക്കുന്നു. നിലവിലുള്ള നഗരജലവിതരണ പദ്ധതികളിൽ മിക്കതും ഇപ്പോഴത്തെ വർദ്ധിച്ച ജനസംഖ്യയുടെ ആവശ്യങ്ങൾ നിർവഹിക്കാൻ പോന്നവയല്ല. ഈ പദ്ധതികൾ രണ്ടു ദശകത്തിനുമുമ്പ് പൂർത്തീകരിച്ചവയാണ്. ബഹുഭൂരിഭാഗം ഗ്രാമീണ ജലവിതരണപദ്ധതികളും സാധാരണ കിണറുകളേയും, കുഴൽക്കിണറുകളേയും ആശ്രയിച്ചുള്ളവയാണ്.

വേനൽ മാസങ്ങളിൽ കുടിവെള്ളത്തിനുവേണ്ടിയുള്ള അളവ് വർദ്ധിക്കുന്നു. അതേസമയം ജല ഉറവിടങ്ങളിലെ ലഭ്യത നന്നെക്കുറയുകയും ചെയ്യുന്നു. ഇതാണ് വേനൽക്കാലത്ത് കുടിവെള്ള ലഭ്യത നന്നെ കുറയാൻ കാരണം. നദികളിലെ നീരൊഴുക്ക വളരെ കുറയുന്നതും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. ഇത് ഉപരിതല ജലത്തേയും ഭൂഗർഭജലത്തേയും ഒരു പോലെ ബാധിക്കുന്നു.

3. കുടിവെള്ളം ഒരു സേവനമെന്നതിലുപരി ഒരു സാമൂഹിക ബാദ്ധ്യത കൂടിയാണ്. എന്നാൽ ഈ ബാദ്ധ്യത നിറവേറ്റുന്നതിൽ ഉല്പാദകനുള്ളതുപോലെയുള്ള ഒരു പങ്ക് ഉപഭോക്താവിനുമുണ്ട്. ബഹുമാനപ്പെട്ട ഹൈക്കോടതി തന്നെ കുടിവെള്ളവിതരണത്തെ പറ്റി പരാമർശങ്ങൾ നടത്തിയിട്ടുണ്ട്. ഇത്രയൊക്കെയായിട്ടും ജനങ്ങളുടെയും ജനപ്രതിനിധികളുടെയും സമീപനത്തിൽ യാതൊരുവിധ മാറ്റവും വരാത്തത് അത്ഭുതകരമെന്നേ വിശേഷിപ്പിക്കാനാകൂ.

ഐക്യരാഷ്ട്രസഭ 1991-2000 കാലം ജലവിപ്ളവദശകമായി ആചരിക്കാൻ ലോകരാഷ്ട്രങ്ങളോടാഹ്വാനം ചെയ്തതാണ്. എന്നാൽ അതിനുമുമ്പ്



1981-1990 കാലം ജലദശകമായി ആചരിക്കണമെന്ന ആഹ്വാനവും കേരളത്തിലെ ജനപ്രതിനിധികളും മാറിമാറി വന്ന ഭരണകൂടങ്ങളും അർഹിക്കുന്ന പ്രാധാന്യത്തോടെ കണക്കിലെടുത്തില്ല. കേരളത്തിലെ ജനങ്ങൾക്കും ജനപ്രതിനിധികൾക്കും നാളിതുവരെ കുടിവെള്ളം ഒരത്യാവശ്യ വസ്തുവാണെന്നും അത് മുടക്കം കൂടാതെ ലഭ്യമാക്കുന്നതിൽ ഓരോരുത്തർക്കും അവരവരുടേതായ പങ്കുണ്ടെന്നുമുള്ള ധാരണ ഇനിയും ഉണ്ടാകേണ്ടതായിട്ടാണിരിക്കുന്നത്

തൃശൂർ ജില്ല നദീജല സമ്പത്തിനാലും ഒരു ചെറിയ അളവുവരെ ഭൂഗർഭജല സമ്പത്തിനാലും അനുഗ്രഹീതമാണ്. കാലവർഷത്തിലും, തുലാവർഷത്തിലുമായി പെയ്യുന്ന മഴയുടെ സിംഹഭാഗവും വൃഥാവിൽ അറബിക്കടലിൽ പതിയുന്നു. ഇതിന്റെ ഒരു ഭാഗം വേനൽമാസങ്ങളിലേക്ക് കരുതിവയ്ക്കണമെന്നുള്ള ധാരണ ഇനിയും ജനങ്ങൾക്കിടയിലും ഉണ്ടാകേണ്ടതുണ്ട്. ഇതാണ് വർഷം കഴിയുംതോറും ഇവിടെ കുടിവെള്ളപ്രശ്നം രൂക്ഷമാകാൻ കാരണം.

4. ജല അതോറിട്ടിയുടേതായും, ജനകീയാസൂത്രണത്തിന്റെ ഭാഗമായും ജില്ലയിൽ കുറേ ഏറെ കുടിവെള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. പ്രധാനപ്പെട്ട ധനാഗമ മാർഗ്ഗം കേന്ദ്രത്തിന്റെ ദ്രുതഗതിയിലുള്ള ഗ്രാമീണ ജലവിതരണ പരിപാടിയാണ്. ഇതിനുപുറമേ എൽ. ഐ.സി ഹഡ്കോ ആദിയായ ധനകാര്യസ്ഥാപനങ്ങളും, രാജീവ്ഗാന്ധി കുടിവെള്ള ടെക്നോളജിമിഷനും, നെതർലാൻഡ് സർക്കാരും കേരളത്തെ സാമ്പത്തികമായി സഹായിക്കുന്നുണ്ട്.

ജില്ലയിലെ കുടിവെള്ള പ്രശ്ന പരിഹാരത്തിന് സാമ്പത്തികം സമീപകാലത്ത് ഒരു പ്രശ്നമായിട്ടില്ല. പക്ഷെ ലഭ്യമായ സാമ്പത്തികവിഹിതത്തെ പദ്ധത്കളായി രൂപാന്തരപ്പെടുത്തുന്നതിൽ ജനങ്ങളും, ജനപ്രതിനിധികളും, ജല അതോറട്ടിയും വേണ്ടത്ര വിജയിപ്പിച്ചിട്ടില്ല. വേനൽ മാസങ്ങളിൽ കുടിവെള്ളം മുടങ്ങുമ്പോഴേ ജനങ്ങളും, ജനപ്രതിനിധികളും രംഗത്തു വരികയുള്ളൂ. ഒരു സുപ്രഭാതത്തിൽ പരിഹരിക്കാവുന്ന പ്രശ്നമല്ല കുടിവെള്ളം. നഗരജലവിതരണത്തിലെ ജീവനക്കാരുടെ അഭാവം കൊണ്ട് ഗ്രാമീണമേഖലയിലെ പ്രശ്നങ്ങൾ വേഗത്തിൽ പരിഹരിക്കപ്പെടുന്നില്ല.

5. നിർവാഹണത്തിലെന്നപോലെ ആസൂത്രണത്തിലും ജനങ്ങളുടെയും, ജനപ്രതിനിധികളുടെയും സജീവപങ്കാളിത്തമുണ്ടായാലെ പദ്ധതികൾക്ക് വേഗതയിൽ ഭരണാനുമതി ലഭിക്കുകയുള്ളൂ. ജനകീയാസൂത്രണത്തിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കുറെ ഏറെ പദ്ധതികൾ സമർപ്പിച്ചിട്ടുണ്ടെങ്കിലും അവയെല്ലാം പൈപ്പ്ലൈൻ നീട്ടാനും, കുഴൽക്കിണർ കുഴിക്കാനുമാണ്. പല ജലവിതരണ സംവിധാനങ്ങളും വേനലിൽ കാര്യക്ഷമമായി പ്രവർത്തിക്കാതിരിക്കാൻ ഒരു പ്രധാനകാരണം ഉറവിടത്തിലെ ജലലഭ്യധിയുടെ അഭാവമാണ്. ഹാൻഡ്പംബ് ഉപയോഗിച്ചുകൊണ്ടുള്ള കുഴൽകിണർ പരിപാടി ഉപേക്ഷിച്ചേ പറ്റൂ. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ജലവിതരണം മെച്ചപ്പെടുത്താൻ ക്രിയാത്മക നിർദ്ദേശങ്ങളാണ് മുൻപോട്ടുവയ്ക്കേണ്ടത്. പക്ഷെ ജില്ലയിൽ വ്യാ



പകമായി അനുഭവപ്പെടുന്ന ജല സാക്ഷരതയുടെ അഭാവം നിമിത്തം ഒരു കോണിൽ നിന്നും ഇത്തരമൊരു മാർഗ്ഗരേഖ ഉരുത്തിരിഞ്ഞുവരുന്നില്ല. പദ്ധതി പ്രവർത്തനത്തിലെ ജനപങ്കാളിത്തം സാർത്ഥമാകണമെങ്കിൽ ജലസാക്ഷരത അനിവാര്യം.

6. തൃശൂർ ജില്ലയുടെ കുടിവെള്ളപ്രശ്നം പരിഹരിക്കാനുള്ള സാദ്ധ്യതകൾ ശോഭനമാണ്. ജല അതോറിട്ടിയുടെ അന്വേഷണാസൂത്രണ വിഭാഗം കുടിവെള്ള മാസ്റ്റർപ്ളാനിനെ ആധാരമാക്കി ധാരാളം പദ്ധതികൾക്ക് രൂപകല്പന തയ്യാറാക്കിവരുന്നുണ്ട്. പക്ഷെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും ജനപ്രതിനിധികളുടേയും ജലസാക്ഷരതാ നിലവാരം വളരെയേറെ താഴെയായതിനാൽ തീരെ കുറച്ച് പദ്ധതികൾക്കേ ഭരണാനുമതിയും സാമ്പത്തിക വിഹിതവും ലഭിക്കുന്നുള്ളൂ.

സമീപകാലത്തായി സംസ്ഥാന പ്ളാനിംഗ് ബോർഡുതന്നെ ജില്ലയെ സ്വാശ്രയ കുടിവെള്ള ജില്ലയായി തിരഞ്ഞെടുത്തിട്ടുണ്ട്. ഈ വഴിക്കും ചില പ്രവർത്തനങ്ങൾ നടക്കുന്നുണ്ടെങ്കിലും പൊതുവെ പറഞ്ഞാൽ പദ്ധതി പ്രവർത്തനങ്ങളിൽ ജനപങ്കാളിത്വവും, ക്രിയാത്മക പ്രവർത്തവും വിരളമാണ്.

വാർഡ്തല ജലസമതികൾ ജില്ലയിൽ ഇതുവരെ രൂപികൃതമായിട്ടില്ല. ഈ ആവശ്യം വാർത്താമാദ്ധ്യമങ്ങളിലൂടെയും നേരിട്ടും അധികൃതശ്രദ്ധയിൽ കൊണ്ടുവന്നിട്ടുള്ളതാണെങ്കിലും ജനങ്ങളും ജനപ്രതിനിധികളും, ഈ ആവശ്യത്തെ തിരസ്കരിച്ച് കുടിവെള്ള കാര്യത്തിൽ പ്രവർത്തനം വേണ്ടിതിൻവണ്ണം കാര്യക്ഷമമായി നടത്താൻ ഒരു സംവിധാനവും നാളിതുവരെ ഉടലെടുത്തിട്ടില്ല. വാർഡ്തല ജലസമതികൾ രൂപികരിച്ച് അവ ക്രിയാത്മകമായി സമയബന്ധിതമായി യോഗം ചേർന്നാലെ പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്താനും അപാകതകൾക്ക് പരിഹാരം കണ്ടെത്താനും സാധിക്കൂ.

ജനങ്ങളും, ജനപ്രതിനിധികളും തങ്ങളുടെ പ്രദേശത്തേക്കാവശ്യമായ പദ്ധതിയുടെ ആസൂത്രണഘട്ടം മുതൽ പദ്ധതി പൂർത്തീകരിക്കുന്നതുവരെയും തുടർന്നുള്ള ദൈനംദിന നടത്തിപ്പിലും ക്രിയാത്മകമായി ഇടപെടിക തന്നെ വേണം. ഇതിനുള്ള മുഖ്യ ഉപാധിയായിട്ട് വേണം വാർഡുതല ജല സമതികളെ കാണേണ്ടത്. നിലവിലുള്ള സാഹചര്യത്തിൽ ഇത്തരം സമതികളുടെ അഭാവം മുഴച്ചുകാണുന്നു.

7. പല ജലവിതരണ സംവിധാനങ്ങളുടേയും വേനൽമാസങ്ങളിലെ ദൈനംദിന പ്രവർത്തനം അശാവഹമല്ല തന്നെ. ജലവിഷയത്തിലെ വികേന്ദ്രീകരണം നാളിതുവരെ പദ്ധതിപ്രവർത്തനത്തെ സുഗമമാക്കാൻ ഉപകരിച്ചിട്ടില്ല. പരസ്പരം പഴിചാരിയതുകൊണ്ടോ, ശിക്ഷാനടപടികൾ കൈക്കൊണ്ടു കൊണ്ടോ പ്രവർത്തനം മെച്ചപ്പെടുമെന്ന് കരുതാൻ നിർവാഹമില്ല. ജനങ്ങളും, ജനപ്രതിനിധികളും കുടിവെള്ളത്തോടുള്ള സമീപനത്തിൽ വ്യക്തമായ മാറ്റം വരുത്തുകതന്നെ വേണം.

കുടിവെള്ളം ഒരു സാമൂഹിക പ്രശ്നമാണെന്നുള്ള ധാരണ ഇനിയും ജനസമൂഹത്തിൽ ഉദിക്കാനിരിക്കുന്നതേയുള്ളൂ. ഇതുണ്ടാകാത്തിടത്തോളം കാലം പുരോഗതി മുരടിച്ചു തന്നെ നിൽക്കും